"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിനെ "ഭൂവിനിയോഗ വകുപ്പ് (Land Use Department)" എന്ന് പുനഃർനാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.4/2025/P&EA തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-
1. ജി.ഒ.(എം.എസ്)നം.21/1975/പി.എൽ.ജി തീയതി 14.04.1975
2. ജി.ഒ.(എം.എസ്)നം.3/2007/പി.എൽ.ജി തീയതി 07.02.2007
3. കേരള സംസ്ഥാന ഭൂവിനിയോഗ കമ്മീഷണറുടെ 04.02.2025-ലെ എൽ.യു.ബി/55/2025-ഡി നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം 1975-ൽ പ്രവർത്തനമാരംഭിച്ച കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിനെ പരാമർശം (2) പ്രകാരം സംസ്ഥാന സർക്കാർ വകുപ്പായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ വകുപ്പായി പ്രവർത്തിക്കുമ്പോഴും ബോർഡ് എന്ന പേര് നിലനിൽക്കുന്നതിനാൽ ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങളിൽ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ആയതിനാൽ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പേര് "ഭൂവിനിയോഗ വകുപ്പ് (Land Use Department)" എന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഭൂവിനിയോഗ കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം വകുപ്പായി പ്രഖ്യാപിച്ച കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിനെ "ഭൂവിനിയോഗ വകുപ്പ് (Land Use Department)" എന്ന് പുനഃർനാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം.

2. ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
3. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
4. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
5. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
7. രജിസ്ട്രാർ, ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
9. അഡ്വക്കേറ്റ് ജനറൽ, എറണാകുളം / തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
10. സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം)
11. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
12. എല്ലാ വകുപ്പ് മേധാവികൾക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും
15. കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
16. മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
17. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
18. നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖാന്തിരം)
19. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
20. പൊതുഭരണ (എസ്. എസ്) വകുപ്പിന്
21. ആസൂത്രണസാമ്പത്തികകാര്യവകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
22. കരുതൽ ഫയൽ / ഓഫീസ് കോപ്പി (File NoPLGEA-B1/38/2025-PLGEA)

ഉത്തരവിൻ പ്രകാരം

Signed by

Unnikrishnan Nair. B. S

Date: 13-06-2025 14:43:17

സെക്ഷൻ ഓഫീസർ